(സി) സംസ്ഥാനം തയ്യാറാക്കുന്ന പദ്ധതി നടത്തിപ്പു രേഖയുടെയും കേന്ദ്രത്തിന്റെ സംസ്ഥാനങ്ങൾക്കുള്ള റിസോഴ്സ് എൻവലപ്പിന്റെയും അടിസ്ഥാനത്തിലാണ് കേന്ദ്രം ഫണ്ട് അനുവദിക്കാറുള്ളത്. അനുവദിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി എല്ലാ ജില്ലകൾക്കും ബഡ്ജറ്റ് അനുവദിച്ച് കൊടുത്തിട്ടുണ്ട്. എല്ലാ മാസവും കൃത്യമായി ഈ പദ്ധതികൾ തുക വിനിയോഗത്തിന്റെ അടിസ്ഥാനത്തിലും പദ്ധതി നടപ്പാക്കുന്നതിന്റെ അടിസ്ഥാനത്തിലും വിലയിരുത്തുകയും അതാത് വകുപ്പ് തലവൻമാരിൽനിന്നും വിശദീകരണങ്ങൾ ശേഖരിക്കുകയും സമയബന്ധിതമായി പൂർത്തിയാക്കാനുള്ള മേൽനടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

കേരളാ സ്റ്റേറ്റ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്

21(4304) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിൽ സ്ഥിതി ചെയ്യുന്ന കേരളാ സ്റ്റേറ്റ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നത്;

(ബി) ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനായി കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ എത്ര തുക സംസ്ഥാന സർക്കാർ നൽകിയെന്ന് വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(സി) പക്ഷിപ്പനിപോലുള്ള ജന്തുജന്യരോഗങ്ങൾ പരത്തുന്ന വൈറസുകളെ കണ്ടെത്തുന്നതിനും പ്രതിരോധിക്കുന്നതിനും ആവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾ നടത്താൻ ആവശ്യമായ സജ്ജീകരണങ്ങളും ഉപകരണങ്ങളും ഇവിടെ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ സ്ഥാപനം മറ്റേതെങ്കിലും സ്ഥാപനങ്ങളോടുകൂടി കൂട്ടിചേർക്കുവാനോ മറ്റേതെങ്കിലും സ്ഥാപനത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടു വരുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) വൈറസ് രോഗങ്ങളായ ഡെങ്കിപ്പനി, ചിക്കുൻഗുനിയ, ജപ്പാൻജ്വരം, മഞ്ഞപ്പിത്തം എന്നിവയുടെയുംബാക്ടീരിയ രോഗമായ എലിപ്പനിയുടെയും സീറോളജി ടെസ്റ്റ് നടത്തി യഥാസമയം റിപ്പോർട്ട് ചെയ്യുകയും ബന്ധപ്പെട്ട അധികാരികൾക്ക് വിവരം കൈമാറുകയും ചെയ്യുന്നു.

മേൽപ്പറഞ്ഞ രോഗങ്ങൾ മുൻകാലങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ആലപ്പുഴ ജില്ലയിലെ എല്ലാ സ്ഥലങ്ങളിലും Entomology Survey-യും അതിനോട് അനുബന്ധിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ 5 വർഷക്കാലയളവിൽ പദ്ധതിയേതര ഇനത്തിൽ അനുവദിച്ച തുക

Head of Account 2210-05-105-44 (Non-Plan)

2010-2011 Rs. 12,48,000

2011-2012 Rs. 14,97,000

2012-2013 Rs. 17,21,000

2013-2014 Rs. 30,15,000

2014-2015 Rs. 23,95,000

(സി&ഡി) ആലപ്പുഴ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് സ്ഥാപിച്ച വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജിക്ക് കൈമാറുന്നതിന് മുഖ്യമന്ത്രി തലത്തിൽ നടന്ന ചർച്ചയിൽ തീരുമാനിച്ചിട്ടുണ്ട്.

വ്യാജ ഡോക്ടർമാരുടെ പ്രവർത്തനം

22 (4305) ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗീകാരമില്ലാത്ത യോഗ്യതകൾ പ്രദർശിപ്പിച്ച് ചികിത്സ നടത്തുന്ന വ്യാജഡോക്ടർമാർ സംസ്ഥാനത്തു പ്രവർത്തിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യാതൊരു സാങ്കേതികയോഗ്യതകളുമില്ലാത്തവർ നാട്ടിൻപുറങ്ങളിലും, ചെറുനഗരങ്ങളിലും സർജറികൾ ഉൾപ്പെടെയുള്ള ചികിത്സകൾ നടത്തുന്നതു കണ്ടെത്താനും, നടപടി സ്വീകരിക്കാനും എന്തൊക്കെ സംവിധാനങ്ങളാണു നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലെ സംവിധാനം ഉപയോഗപ്പെടുത്തി രണ്ടുവർഷത്തിനിടെ എത്ര വ്യാജചികിത്സകരെ കണ്ടെത്താനായിട്ടുണ്ടെന്നു വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly